# മൈക്രോസോഫ്റ്റ് നിങ്ങളുടെ സ്വാതന്ത്ര്യങ്ങളെ ചവറ്റുകുട്ടയിൽ എറിയുന്നു



ഒക്ടോബറിൽ പുറത്തിറങ്ങിയതോടുകൂടി, മൈക്രോസോഫ്റ്റ് പുതിയ പതിപ്പു ഭയത്തോടും ഭീഷണികളോടും കൂടി വിറ്റുകൊണ്ടിരിക്കുകയാണ്, പഴയ പതിപ്പുകളെ ദീർഘകാലാടിസ്ഥാനത്തിൽ പിന്തുണയ്ക്കുന്നതു അവസാനിപ്പിക്കുകയാണെന്നും അവർ ഭീഷണിപെടുത്തുന്നു. ഗ്നു/ലിനക്സ് പോലെ സ്വതന്ത്ര സോഫ്റ്റ്‌വെയർ അല്ലാത്തതു കൊണ്ടും കുത്തക സോഫ്റ്റ്‌വെയർ ആയതു കൊണ്ടും പതിവു സെക്യൂരിറ്റി അപ്‌ഡേറ്റുകൾക്കും ഫിക്സുകൾക്കും നിങ്ങൾക്ക് മൈക്രോസോഫ്റ്റ് കമ്പനിയെ ആശ്രയിക്കുകയേ നിർവാഹമുള്ളു.

പഴയ പതിപ്പുകൾക്കുള്ള പിന്തുണ പിൻവലിക്കുമെന്ന ഭീഷണിപ്പെടുത്തുന്നതിലൂടെ, നിങ്ങൾക്കാവശ്യമില്ലെങ്കിലും നിങ്ങൾക്ക് പ്രവർത്തിപ്പിക്കുന്നതിനുള്ള അറിവു കുറവാണെങ്കിലും പുതിയ പതിപ്പുകൾ വാങ്ങാൻ അവർ നിങ്ങളെ നിർബന്ധിക്കുകയാണ്. ഒരിക്കൽ കൂടി ഈ രംഗത്തെ അവരുടെ കുത്തക അവർ ദുരുപയോഗം ചെയ്ത്, കച്ചവട തന്ത്രങ്ങളുടെ വിലങ്ങു നിങ്ങളെ അണിയിക്കുന്നു. വിന്റോസ് വിസ്റ്റ പതിപ്പിലുടെ ഡി.ആർ.എം നിയന്ത്രണങ്ങൾ ഉൾക്കൊള്ളിക്കാനുള്ള പദ്ധതികൾ പോലെ തന്നെ, നിങ്ങളുടെ സുരക്ഷിതത്വത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും, വ്യക്തിപരമായി നിങ്ങൾക്ക് അർഹതപ്പെട്ട ഏകാന്തതയിലേക്കുമുള്ള അവരുടെ കടന്നു കയറ്റങ്ങൾ യാദൃച്ഛികങ്ങളല്ല, മറിച്ച് ബോധപൂർവമായ ആക്രമണ ശ്രമങ്ങൾ തന്നെയാണ്.

കമ്പ്യൂട്ടർ ഉല്പാദകരോട് കൈകോർത്ത് ഗൂഢസൂത്രങ്ങളിലൂടെ നിങ്ങൾ വിലകൊടുത്തു വാങ്ങുന്ന കമ്പ്യൂട്ടറുകളിൽ സ്വന്തം ഉല്പന്നങ്ങൾ ഇൻസ്റ്റാൾ ചെയ്യുന്ന ചരിത്രമാണ് മൈക്രോസോഫ്റ്റ് കമ്പനിക്കുള്ളത്. സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്ന മറ്റുള്ളവരുമായി സ്വതന്ത്രമായി സഹകരിക്കുന്നതിന് നിങ്ങൾക്ക് അർഹതയുണ്ട്.

നിങ്ങൾ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ എങ്ങനെ പ്രവർത്തിക്കുന്നുവെന്നറിയാൻ നിങ്ങൾക്കവകാശമുണ്ട്. നിങ്ങളുടെ വിദ്യാർത്ഥികളെ ഈ സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനങ്ങൾ പഠിപ്പിക്കുവാനും നിങ്ങൾക്കവകാശമുണ്ട്. അതിനെന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ അത് നിങ്ങൾക്കിഷ്ടപ്പെട്ട പ്രോഗ്രാമറെകൊണ്ട് പരിഹരിക്കുവാനും നിങ്ങൾക്കവകാശമുണ്ട്. നിങ്ങൾക്ക് അർഹതപ്പെട്ടത് സ്വാതന്ത്ര്യങ്ങൾ ഉറപ്പു നൽകുന്ന സോഫ്റ്റ്‌വെയറാണ്.

## നിങ്ങൾ അർഹിക്കുന്നത് സ്വതന്ത്ര സോഫ്റ്റ്‌വെയറാണ്

# windows7sins.org

**A message from the Free Software Foundation,Boston,MA.**